49 (2427) മുക്കത്ത് എ.ഇ.ഒ. ഓഫീസ്

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം ആസ്ഥാനമായി വിദ്യാഭ്യാസ ഉപജില്ലയും എ.ഇ.ഒ. ഓഫീസും സ്ഥാപിക്കാനുള്ള നടപടികൾ എത്രത്തോളമായി എന്ന് വിശദമാക്കുമോ;

(ബി) മുക്കത്ത് എ.ഇ.ഒ. ഓഫീസ് എന്നു തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഇതുസംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

50 (2428) റീ ഫിക്സേഷൻ അനുവദിച്ചു കിട്ടുവാൻ നടപടി

ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതപ്പെട്ട റീഫിക്സേഷൻ അനുവദിച്ചു കിട്ടുന്നതിനു വേണ്ടി പാലക്കാട് ജില്ലയിലെ തെങ്കര പി.കെ.എൻ.എൻ.എം.എ.യു.പി. സ്കൂളിൽ ഹെഡ്മിസ്ട്രസ്സായി 31.3.98-ൽ സർവ്വീസിൽ നിന്നു പിരിഞ്ഞ മണ്ണാർക്കാട്, തെങ്കര, അരയങ്ങോട് പ്രസാദ ഭവനിൽ താമസിക്കുന്ന ശ്രീമതി വി. സുമതിയുടെ അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എത്രയും വേഗം തീരുമാനമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചാലുടനെ നടപടി സ്വീകരിക്കുന്നതാണ്.

51 (2429) അദ്ധ്യാപകരെ നിയമിക്കുവാൻ നടപടി

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കുട്ടഞ്ചേരി ഗവൺമെന്റ് എൽ.പി. സ്കൂളിൽ ആവശ്യത്തിനുള്ള അദ്ധ്യാപകരില്ലാത്തതിനാൽ അവിടെ അദ്ധ്യയനം ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിൽ എത്ര അദ്ധ്യാപകരുടെ തസ്തികയാണ് ഉള്ളതെന്നും ഇപ്പോൾ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇപ്പോൾ അവിടെ എത്ര അദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടപ്പുണ്ടെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സ്കൂളിലെ പി.ടി.എ. ഭാരവാഹികൾ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അവിടെ അദ്ധ്യാപകരെ നിയമിക്കുവാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഒരു നടപടിയും സ്വീകരിക്കാത്ത പക്ഷം കാരണമെന്ത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹെഡ്മാസ്റ്റർ ഉൾപ്പെടെ അഞ്ച് അദ്ധ്യാപകരുടെ തസ്തികയാണ് ഉള്ളത്. 172 കുട്ടികൾ.

(സി) അദ്ധ്യാപകരുടെ ഒഴിവുകൾ - 3.

(ഡി) തൃശ്ശൂർ ഡി.ഡി.യുടെ 30.6.99-ലെ ഉത്തരവു പ്രകാരം ഹെഡ്മാസ്റ്റർ തസ്തികയിലേക്കു പ്രൊമോഷൻ വഴി നിയമനം നടത്തിയിട്ടുണ്ട്. പി.ഡി. ടീച്ചർമാരുടെ നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പി.എ സ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതുവരെയും പി.എസ്.സി.യിൽ നിന്നും ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചിട്ടില്ല. ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

(ഇ) ഉദിക്കുന്നില്ല.

52 (2430) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ടൈപ്പ്റൈറ്റർ

ശ്രീ. കെ.റ്റി കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ടൈപ്പ്റൈറ്റിംഗ് മിഷ്യൻ വാങ്ങിയതിന്റെ തുക അനുവദിച്ചിട്ടില്ലെന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ തുക എപ്പോൾ നൽകും എന്ന് വ്യക്തമാക്കുമോ;

(ഡി) തുക യഥാസമയം നൽകാത്തതിനാൽ ടൈപ്പ്റൈറ്റിംഗ് മിഷ്യന്റെ കമ്പനിക്കാർ സ്കൂളുകളിൽ ചെന്ന് നിരന്തരം ബുദ്ധിമുട്ടുണ്ടാക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് തുക നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1,70,100 രൂപ ടൈപ്പ്റൈറ്റർ വാങ്ങിയ സ്ഥാപനങ്ങൾക്ക് നൽകാനുണ്ട്.

(സി) ഫണ്ട് അലോക്കേഷൻ ഉത്തരവായാൽ തുക നൽകുന്നതാണ്. അതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly